"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - പ്ലാൻ ഫണ്ട് 2023-24 - ആലപ്പുഴ ജില്ലയിലെ വെളിയനാട് സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.1250/2025/RD തീയതി,തിരുവനന്തപുരം, 27-05-2025

---

പരാമർശം:- 1. 21.07.2023 തീയതിയിലെ സ.ഉ.(സാധാ)നം.2694/2023/റവ നമ്പർ ഉത്തരവ്.

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 25.02.2025 തീയതിയിലെ എൽആർ/1846/2025-എൽആർ(എം2) നമ്പർ കത്ത്.

**ഉത്തരവ്**

പ്ലാൻ ഫണ്ട് 2023-24 ൽ ഉൾപ്പെടുത്തി പരാമർശം 1 പ്രകാരം സ്മാർട്ട് വില്ലേജ് നിർമ്മാണത്തിന് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ആലപ്പുഴ ജില്ലയിലെ വെളിയനാട് വില്ലേജ് ഓഫീസ് നിലവിൽ സ്ഥിതി ചെയ്യുന്നത് വളരെ അപകടകരമായ വളവിനോട് ചേർന്നായതിനാൽ നിലവിലെ അലൈൻമെന്റിൽ നിന്ന് പിറകിലേക്ക് നീക്കി വേണം പുതിയ ബിൽഡിംഗ് പണിയേണ്ടത് എന്നും നിലവിലെ കെട്ടിടം നിൽക്കുന്നതിന് പിന്നിൽ കുളം സ്ഥിതി ചെയ്യുന്നതിനാൽ ആയതു നികത്തി റിട്ടൈനിങ് വാൾ നിർമ്മിച്ചാൽ മാത്രമേ കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ എന്നും മേൽ പ്രവർത്തികൾ കൂടി ഉൾപ്പെടുത്തി 67,15,625/- രൂപയുടെ എസ്റ്റിമേറ്റ് നിർമ്മാണ ഏജൻസിയായ സംസ്ഥാന നിർമ്മിതി കേന്ദ്രം സമർപ്പിച്ചിട്ടുള്ളതാണെന്നും വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനായി അനുയോജ്യമായ മറ്റു സ്ഥലം ലഭ്യമല്ലാത്തതിനാലും, നിർമ്മിതി കേന്ദ്രം സമർപ്പിച്ച എസ്റ്റിമേറ്റ് ഭരണാനുമതി തുകയിൽ അധികരിക്കുന്നതിനാലും മേൽപ്പറഞ്ഞ അധിക ഫണ്ട് സ്മാർട്ട് വില്ലേജ് നിർമ്മാണത്തിനായി അനുവദിക്കണമെന്ന ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വെളിയനാട് സ്മാർട്ട് വില്ലേജ് ഓഫീസിന്റെ പുതുക്കിയ എസ്റ്റിമേറ്റിന് ഫണ്ടും ഭരണാനുമതിയും നൽകണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24 സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനായി തിരഞ്ഞെടുത്ത ആലപ്പുഴ ജില്ലയിലെ വെളിയനാട് വില്ലേജ് ഓഫീസിന് സൈറ്റ് സ്പെസിഫിക് കാരണങ്ങളാൽ ഭരണാനുമതി തുകയായ 50 ലക്ഷം രൂപയിൽ നിജപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ, ചുവടെ ചേർത്തിട്ടുള്ള നിബന്ധനകൾക്ക്

വിധേയമായി, Chief Technical examiner ലഭ്യമാക്കിയിട്ടുള്ള പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള 65,82,403/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. The TS authority shall ensure the construction of buildings by enforcing compliance with KBR 2019 & KER.

2. The AD shall ensure that the works proposed in the estimate satisfy the functional requirements as envisaged.

3. The TS authority shall ensure that the foundation of the existing structure is sufficient to carry the proposed building.

4. The Structural Design is not seen done for the proposed building. Hence, the structural adequacy and structural stability shall be ensured before issuing the Technical Sanction considering economy.

5. TS authority shall ensure the correctness of the rates adopted for observed data provided in the estimates and the quality of materials during the time of execution.

6. The competent authority shall ensure the admissibility of provisions included in the estimate with the site conditions before issuing the Technical Sanction.

3] പ്രസ്തുത പ്രവൃത്തിയ്ക്കാവശ്യമായ തുക 5475-00-800-77 (01) പ്ലാൻ (വി) എന്ന ശീർഷകത്തിൽ നിന്നും വഹിയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, ആലപ്പുഴ
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (23-04-2025-ലെ വ്യയം-ഡി1/150/2025/ധന പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sheeba V R
Date: 27-05-2025 16:42:36
സെക്ഷൻ ഓഫീസർ